**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5160** | | **15.11.2019-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| | | **അമൃത് പദ്ധതി** | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | അമൃത് പദ്ധതിയുടെ കീഴിൽ സെപ്റ്റേജ്, സ്യൂവേജ് സ്ഥാപിക്കുന്നതിന് കൺസൾട്ടൻസി കരാർ നൽകിയിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ്; അറിയിക്കുമോ; | (എ) & (ബി) | കേരള ജല അതോറിറ്റി, റാം ബയോളജിക്കൽസ് കോഴിക്കോട് എന്നീ സ്ഥാപനങ്ങൾക്കാണ് കൺസട്ടൻസി നല്കിയിട്ടുള്ളത്. അമൃത് പദ്ധതി നടപ്പിലാക്കുന്നത് അതാത് നഗരസഭകളാണ്. നഗരസഭകൾ മത്സരാധിഷ്ഠിത ക്വട്ടേഷൻ/ദർഘാസ് മുഖേനയാണ് കൺസൾട്ടൻസിയെ തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം ലഭിക്കുന്ന ക്വട്ടേഷൻ/ദർഘാസുകളുടെ സാങ്കേതിക – സാമ്പത്തിക പരിശോധനകൾ നടത്തുന്നത് അതാത് നഗരസഭകളുടെ മേൽനോട്ടത്തിലാണ്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾക്ക് ഈ രംഗത്തുള്ള പരിചയസമ്പത്ത്, സാമ്പത്തിക ഭദ്രത എന്നിവ സംബന്ധിച്ച് സർക്കാർ എന്തെല്ലാം വിലയിരുത്തൽ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | | |
| (സി) | കൺസൾട്ടൻസിയ്ക്കായി ആകെ എത്ര തുകയാണ് നീക്കി വെച്ചിട്ടുള്ളത്; | (സി) | കൺസൾട്ടൻസിക്കായി പ്രത്യേകം തുക അമൃത് പദ്ധതിയിൽ നീക്കി വെച്ചിട്ടില്ല. കൺസൾട്ടൻസിക്ക് ആവശ്യമായ തുക അമൃത് പദ്ധതിയുടെ Administrative & Other Expenses ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും നഗരസഭകൾക്ക് നല്കി വരുന്നു. |
| (ഡി) | സർക്കാർ ഏജൻസികളെ ഒഴിവാക്കി സ്വകാര്യ ഏജൻസികൾക്ക് കരാർ നൽകുന്നതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് പദ്ധതി നടത്തിപ്പിൽ കൈവരിയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ? | (ഡി) | സർക്കാർ ഏജൻസികളെ ഒഴിവാക്കിക്കൊണ്ട് സ്വകാര്യ ഏജൻസികൾക്ക് കരാർ നല്കിയിട്ടില്ല. കേരള വാട്ടർ അതോറിറ്റിയെ കൂടാതെ അതാത് നഗരസഭകൾ, ശുചിത്വമിഷൻ എം‌പാനൽ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷൻ/ദർഘാസ് മുഖേന ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ സ്ഥാപങ്ങൾക്കാണ് കൺസൾട്ടൻസി നൽകിയത്. |

സെക്ഷൻ ഓഫീസർ